"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ബെവ്കോ ജീവനക്കാര്യം - ശ്രീ.മനോജ് പി ആർ., തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൽ ക്ലിപ്തം (മിൽമ),പത്തനംതിട്ട ഡയറി, പ്ലാന്റ് അസിസ്റ്റന്റ് ഗ്രേഡ് 2 - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.501/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. സ.ഉ (സാധാ) 914/2022/നികുതി തീയ്യതി 25.11.2022 .
2. ശ്രീ.മനോജ് പി. ആർ. 09.11.2023 - ൽ സമർപ്പിച്ച അപേക്ഷ.
3. മിൽമ മാനേജിംഗ് ഡയറക്ടറുടെ 17.11.2023 ലെ TRU/PER/61/2023/2570 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
4. കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 26.03.2024 ലെ 8919/AS2/EXT/KSBC/2023 നമ്പർ കത്ത്.

**ഉത്തരവ്**

മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പിൻ കീഴിലുള്ള തിരുനവന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ ക്ലിപ്തം (മിൽമ),പത്തനംതിട്ട ഡയറിയിലെ പ്ലാന്റ് ഗ്രേഡ് 2 അസിസ്റ്റന്റ് ശ്രീ.മനോജ് പി ആർ. നെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ കോട്ടയം ജില്ലയിലുള്ള ഔട്ട് ലെറ്റിൽ ഓഫീസ് അറ്റൻഡന്റ് / ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അന്യത്ര 11.12.2023 ൽ പൂർത്തിയായതിനാൽ 1 വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകണം എന്ന് ശ്രീ.മനോജ് പി ആർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ശ്രീ.മനോജ് പി ആർ- ന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് മാത്ൃസ്ഥാപനമായ തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൽ ക്ലിപ്തം (മിൽമ) പരാമർശം (3) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ടി ജീവനക്കാരന്റെ അന്യത്ര സേവന കാലാവധി 12.12.2023 മുതൽ 1 വർഷം കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുനവന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൽ ക്ലിപ്തം (മിൽമ), പത്തനംതിട്ട ഡയറിയിലെ പ്ലാന്റ് അസിസ്റ്റന്റ് ഗ്രേഡ് 2 ശ്രീ.മനോജ് പി ആർ - ന്റെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിലെ അന്യത്ര സേവന കാലാവധി 12.12.2023 മുതൽ ഒരു വർഷത്തേയ്ക്കോ/ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ എതാണോ ആദ്യം അതുവരെ എന്ന ക്രമത്തിൽ ദീർഘിപ്പിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യ-യ്ക്ക് ശ്രീ.മനോജ് പി ആർ. അർഹനാകുന്നതല്ല . 12.12.2023 മുതൽ ഒരു

വർഷം തികയുന്ന/പബ്ലിക് സർവ്വീസ കമ്മീഷൻ് മുഖാന്തിരം നിയമനം നടക്കുന്ന മുറയ്ക്ക് ടിയാനെ മാതൃസ്ഥാപനത്തിലേയ്ക്ക് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വിടുതൽ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2) മാനേജിംഗ് ഡയറക്ടർ, മിൽമ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ ക്ലിപ്തം, ക്ഷീരഭവൻ, പട്ടം തിരുവനന്തപുരം- 695004
3) ബന്ധപ്പെട്ട ജീവനക്കാരന്. (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ്.ബി.സി മുഖാന്തിരം)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

6) മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്
7) വെബ്ബ് ആന്റ് ന്യൂ മീഡിയ
8) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/92/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 10-06-2024 14:46:55